# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1550** | **01.11.2019 ൽ മറുപടിയ്ക്ക്**

**അക്വാപോണിക്സ് കൃഷിരീതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. രാജൻ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) അക്വാപോണിക്സ് കൃഷിരീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) & ബി) | മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് കൃഷി രീതി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഇന്നവേഷൻ പ്രോജക്റ്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി അക്വാപോണിക്സ് കൃഷി രീതിയ്ക്ക് പ്രോജക്റ്റ് അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു.<br>അക്വാപോണിക്സ് കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് പച്ചക്കറി വികസന പദ്ധതിയിൽ കൃഷി ഭവൻ തലത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ അക്വാപോണിക്സ് കൃഷി രീതികൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ആത്മ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ 4000/- രൂപ വീതം സാമ്പത്തിക സഹായവും നൽകി വരുന്നു. |
| ബി) ഈ കൃഷിരീതി സാധാരണക്കാരായ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**